നം. എഫ്.ഡബ്ല്യൂ.എ- 5/47980/12/ ആ.വ.ഡ.

ആരോഗ്യവകുപ്പ്ഡയറക്ടറുടെകാര്യാലയം,

തിരുവനന്തപുരം, തീയതി 08.11.2013.

# നോട്ടീസ്

വിഷയം:- പബ്ലിക് ഹെൽത്ത് നഴ്സിംഗ് സൂപ്പർവൈസറായി പ്രൊമോഷൻ നൽകിയത്-ജോയിൻ ചെയ്യാത്തത്-സംബന്ധിച്ച്.

സൂചന:- 1. എഫ്. ഡബ്ല്യൂ.എ 5/47980/12/ആ.വ.ഡ. തീയതി 12.11.2012.

2. എഫ്.ഡബ്ല്യൂ.എ 5/47980/12/ആ.വ.ഡ. തീയതി 19.01.2013.

3. എ 2/18435/13/ജി.മെ.ആ, കണ്ണൂർ. തീയതി 24.10.2013.

മേൽ സൂചന 1,2 പ്രകാരം ശ്രീമതി. എൽസമ്മ ജോർജ്ജ്, ശ്രീമതി. ചന്ദ്രിക, ശ്രീമതി. ഗ്രേസി. എ.റ്റി എന്നീ പബ്ലിക് ഹെൽത്ത് നഴ്സ് മാരുടെ നിലവിലെ ഔദ്യോഗിക മേൽവിലാസം ലഭ്യമാക്കാത്ത സാഹചര്യത്തിൽ ടി ജീവനക്കാരുടെ സീനിയോരിറ്റി നഷ്ടപ്പെടാതെ ടി ജീവനക്കാർ നേരിട്ടോ ജില്ലാ മെഡിക്കൽ ആഫീസർ മുഖേനയോ നിലവിലെ ഔദ്യോഗിക മേൽവിലാസം അറിയിക്കണം എന്ന വ്യവസ്ഥയിൽ പബ്ലിക് ഹെൽത്ത് നഴ്സിംഗ് സൂപ്പർവൈസർ ആയി പ്രൊമോഷൻ നൽകി കണ്ണൂർ ജില്ലയ്ക്ക് അനുവദിക്കുകയുണ്ടായി. എന്നാൽ സൂചന (3) പ്രകാരം ടി ജീവനക്കാർ നാളിതുവരെയും കണ്ണൂർ ജില്ലയിൽ ജോലിയിൽ പ്രവേശിച്ചിട്ടില്ലെന്ന് ജില്ലാ മെഡിക്കൽ ആഫീസർ അറിയിച്ചിരിക്കുന്നു. ആയതിനാൽ എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാരും മേൽ ജീവനക്കാർ താങ്കളുടെ ജില്ലയിൽ ജോലി ചെയ്തുവരുന്നുണ്ടെങ്കിൽ അവരുടെ ഔദ്യോഗിക മേൽവിലാസം 20.11.2013 നു മുമ്പായി കണ്ണൂർ ജില്ലാമെഡിക്കൽ ഓഫീസർ മുമ്പാകെ റിപ്പോർട്ട് ചെയ്ത് വിവരം ഈ ആഫീസിൽ ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം മറ്റൊരറിയിപ്പില്ലാതെ ടി ജീവനക്കാരുടെ 3 പേരുടേയും പ്രൊമോഷൻ റദ്ദാക്കി പകരം ആളിന് പ്രൊമോഷൻ നൽകുന്നതാണ്. പിന്നീട് ഇത് സംബന്ധിച്ച് തർക്കം ഉന്നയിക്കുന്ന പക്ഷം മേൽവിലാസം ലഭ്യമാക്കാത്ത ജില്ലയിലെ ജീവനക്കാർക്കായിരിക്കും പൂർണ്ണ ഉത്തരവാദിത്തം എന്നുകൂടി അറിയിച്ചുകൊള്ളുന്നു.

ആരോഗ്യവകുപ്പ് ഡയറക്ടർക്കുവേണ്ടി

സ്വീകർത്താവ്

എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും